ഹയർസെക്കന്ററി
ഡയറക്ടറുടെ കാര്യാലയം,
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്,
ശാന്തി നഗർ, തിരുവനന്തപുരം.

**Ex-IV/CS/24881/HSE-08-09**

തീയതി **:6/10/2009**

## സർക്കുലർ

വിഷയം:- സ്കൂൾമാറ്റം വാങ്ങിയ രണ്ടാം വർഷ വിദ്യാർത്ഥികളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനെ സംബന്ധിച്ച്.

2008-2009 അധ്യായനവർഷം ഒന്നാം വർഷ പഠനം (പ്ലസ് വൺ) DHSE-യ്ക്ക് കീഴിലുള്ള അംഗീകൃത സ്കൂളുകളിൽ പൂർത്തിയാക്കുകയും DHSE നല്കിയ രജിസ്റ്റർ നമ്പരിൽ ഒന്നാം വർഷപരീക്ഷ എഴുതുകയും ചെയ്ത വിദ്യാർത്ഥികൾ സ്കൂൾ മാറ്റം വഴി രണ്ടാം വർഷ കോഴ്സിന് മറ്റൊരു സ്കൂളിലേയ്ക്ക് മാറിയിട്ടുണ്ടെങ്കിൽ അത്തരം വിദ്യാർത്ഥികളുടെ വിവരങ്ങൾ പുതിയ സ്കൂളിലേക്ക് മാറ്റി രജിസ്റ്റർ ചെയ്യേണ്ടതാണ്. സ്കൂൾ മാറ്റം ഓൺലൈനായി രജിസ്റ്റർ ചെയ്യുന്നതിനുള്ള സോഫ്റ്റ്‌വെയർ ഹയർ സെക്കന്ററി പോർട്ടലിൽ ലഭ്യമാക്കിയിട്ടുണ്ട്.

**സ്കൂൾമാറ്റം രജിസ്റ്റർ ചെയ്യേണ്ടവിധം**

1. Open www.dhsekerala.gov.in.
2. login with school code and password
3. go to the link – 'upload' and click on 'School Transfer II year'
4. A page titled 'Registration of school transferred candidates' will be displayed
5. Enter the First Year Register number of the newly joined student at the place provided and press – Tab key.
6. The details of the candidate will be displayed. Verify and click on the Save-button at the end of the page. The details will be saved to the data base of the new school (Your School)
7. Go to the link 'Report' and click on Registered candidates.
8. On opening the 'Registered candidate' page the 'new candidate' can be seen added to the list of old students. A print out may be taken for future purpose.

**ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

1. സ്കൂൾമാറ്റം വഴി വിദ്യാർത്ഥികൾ പുതിയതായി വന്നു ചേർന്നിട്ടുണ്ടെങ്കിൽ മാത്രം മേൽപറഞ്ഞകാര്യങ്ങൾ ചെയ്താൽ മതിയാകും.
2. സ്കൂൾ മാറ്റം വഴി വിദ്യാർത്ഥികൾ പിരിഞ്ഞുപോയ സ്കൂളുകൾ ഇക്കാര്യത്തിൽ ഒന്നും ചെയ്യേണ്ടതില്ല.
3. സ്കൂൾമാറ്റം വഴി വിദ്യാർത്ഥികൾ വന്നു ചേർന്നിട്ടുള്ള സ്കളുകളിലെ പ്രിൻസിപ്പൽമാർ മേൽ പറഞ്ഞരീതിയിൽ പുതിയ കുട്ടികളുടെ രജിസ്ട്രേഷൻ **18-10-2009** മുമ്പായി പൂർത്തിയാക്കേണ്ടതാണ്.

   ഇത്തരത്തിൽ സ്കൂൾമാറ്റം രജിസ്റ്റർ ചെയ്തിട്ടുള്ള വിദ്യാർത്ഥികൾക്കു മാത്രമേ **2010** മാർച്ചിലെ രണ്ടാം വർഷ പരീക്ഷ എഴുതുവാൻ സാധിക്കുകയുള്ളു.
4. രജിസ്ട്രേഷനുള്ള അവസാന തീയതി യാതൊരു കാരണവശാലും നീട്ടുന്നതല്ല. അവസാനതീയതിക്കുമുമ്പ് രജിസ്ട്രേഷൻ നടത്താൻ വിട്ടുപോകുന്ന പക്ഷം അതിനുള്ള വിശദീകരണം പ്രിൻസിപ്പൽമാർ പരീക്ഷാസെക്രട്ടറിയ്ക്ക് നേരിട്ടു നൽകേണ്ടതാണ്.

സെക്രട്ടറി
ബോർഡ് ഓഫ് ഹയർ സെക്കന്ററി എക്സാമിനേഷൻ